# കൃത്രിമമഴയിലേക്ക് നീങ്ങുന്ന പരിഹാരങ്ങൾ

**വേനൽ** കനത്തതോടെ വരൾച്ചയെക്കുറിച്ചുള്ള വർത്തമാനങ്ങളാണ് എല്ലാ കോണുകളിലും. സമീപവർഷങ്ങളിൽ അനുഭവപ്പെട്ടതിനേക്കാൾ കനത്തചൂടും ജലക്ഷാമവും കേരളത്തെ വരിഞ്ഞുമുറുക്കുകയാണ്. മഴക്കാലം കഴിയുമുമ്പേ, ഒക്ടോബർ മാസത്തിൽ തന്നെ സംസ്ഥാനം വരൾച്ചാബാധിതമായി പ്രഖ്യാപിക്കപ്പെട്ടു. നീർച്ചാലുകൾ മാഞ്ഞുപോവുകയും പുഴകൾ നിശ്ചലമാവുകയും ചെയ്തു. കുടിവെള്ള ടാങ്കുകളാൽ നിരത്തുകൾ നിറഞ്ഞു. വ്യാപകമായ കുഴൽക്കിണർ കുഴിക്കലും തടയണകെട്ടലും വീണ്ടും ഇടക്കാല പരിഹാരങ്ങളായി അവതരിച്ചു. ജനരോഷത്തിൽ നിന്നും താത്കാലികമായി രക്ഷനേടാനുള്ള ഉപാധികൾ മാത്രം തിരഞ്ഞ് ജനപ്രതിനിധികളും ഭരണസ്ഥാപനങ്ങളും പതിവ് വരൾച്ചാ ദുരിതാശ്വാസ നടപടികൾ ആവർത്തിച്ചു. വർഷം തോറുമുള്ള ആവർത്തന ച്ചെലവുകളിലേക്ക് കോടികൾ ഒഴുകിയെത്തി.

ആത്മാർത്ഥത അശേഷമില്ലാത്ത ഈ താത്കാലിക സമാശ്വാസങ്ങൾക്ക് എത്രകാലം മലയാളിയെ മുന്നോട്ടു കൊണ്ടുപോകാൻ കഴിയും? കഴിഞ്ഞ ആറ് പതിറ്റാണ്ടിന്റെ കണക്കുകൾ സൂചിപ്പിക്കുന്നത് കേരളത്തിൽ ശരാശരി 1.43 മില്ലിലിറ്റർ മഴ കുറഞ്ഞതായാണ്. ഇക്കഴിഞ്ഞ സീസണിൽ കാലവർഷത്തിൽ 34 ശതമാനത്തിന്റെയും തുലാവർഷത്തിൽ 62 ശതമാനത്തിന്റെയും കുറവാണ് സംസ്ഥാനത്ത് അനുഭവപ്പെട്ടത്. ആഗോള കാലാവസ്ഥാവ്യതിയാനത്തിന്റെ വ്യക്തമായ സൂചനകൾ കുറച്ചുവർഷങ്ങളായി കേരളത്തിൽ പ്രകടമായിക്കൊണ്ടിരിക്കുകയാണ്. കഴിഞ്ഞ പതിനഞ്ച് വർഷത്തിനിടയിൽ ഒരിക്കലും സാധാരണരീതിയിലുള്ള മഴക്കാലം കേരളത്തിലുണ്ടായിട്ടില്ലെന്നാണ് പഠനങ്ങൾ പറയുന്നത്. അനാവൃഷ്ടിയും അതിവൃഷ്ടിയും മാറി മാറി പെയ്തൊഴിഞ്ഞു. മഴയിലുണ്ടായിരിക്കുന്ന ഈ മാറ്റം കേരളത്തിന്റെ പരിസ്ഥിതിയിലും സാമൂഹികജീവിതത്തിലും സൃഷ്ടിച്ചിരിക്കുന്ന സ്ഥിതിഭേദങ്ങളെക്കുറിച്ച് നമ്മൾ ഒരു വിലയിരുത്തൽ നടത്തിയിട്ടുണ്ടോ?

കേരളത്തെ സംബന്ധിച്ച്, കാലാവസ്ഥാ വ്യതിയാനം എന്നോ സംഭവിക്കാൻ പോകുന്ന ഒരു ദുരന്തമല്ല ഇപ്പോൾ. അതിന്റെ രൂക്ഷതകളിലൂടെത്തന്നെയാണ് നമ്മൾ കടന്നുപോകുന്നത്. മാറുന്ന കാലാവസ്ഥയെ അഭിമുഖീകരിക്കാൻ കേരളത്തിലെ മണ്ണും മനുഷ്യനും എത്രത്തോളം സജ്ജമാണ് എന്നത് ഇന്ന് വളരെ നിർണ്ണായകമായ ചോദ്യമാണ്. എന്നാൽ 'ഇത്തവണയും മഴ ചതിച്ചു' എന്ന പത്രത്തലക്കെട്ടുപോലെ ലളിതമായ വിലയിരുത്തലിലാണ് നമ്മൾ ഇപ്പോഴും കുടുങ്ങിക്കിടക്കുന്നത്. ചതിച്ചത് മഴയല്ല, മനുഷ്യർ തന്നെയാണ് എന്ന് തിരിച്ചറിയുകയും അംഗീകരിക്കുയും ചെയ്യുന്നതിലൂടെ മാത്രമേ ഇനി മുന്നോട്ടുപോകാൻ കഴിയൂ. പശ്ചിമഘട്ടത്തിനും കടലിനുമിടയിലെ ഇടുങ്ങിയ ഒരു തുണ്ട് ഭൂമിയിൽ ജീവിക്കുന്ന മനുഷ്യർക്ക് അവർ അധിവസിക്കുന്ന ലോലമായ ജൈവമണ്ഡലത്തെക്കുറിച്ച് കരുതലില്ലാകതെ എക്കാലവും അനന്തമായി വളരാൻ കഴിയില്ല എന്നതാണ് സത്യം. കത്തുന്ന കാടുകളും, ഒഴുക്കുനിലച്ച പുഴകളും, വരണ്ടുണങ്ങുന്ന മണ്ണും, ഉറവവറ്റിയ കിണറുകളും അതാണ് നമ്മളെ ഓർമ്മിപ്പിച്ചുകൊണ്ടിരിക്കുന്നത്.

ആസന്ന വരൾച്ചകളെ നേരിടാൻ ജനം തയ്യാറായാൽ പോലും അതിന് പിന്തുണ നൽകാൻ സന്നദ്ധമായ ഒരു സക്കാർ ഇവിടെ നിലനിൽക്കുന്നില്ല എന്നതായിരിക്കും നമ്മൾ നേരിടാൻ പോകുന്ന പ്രധാന പ്രതിസന്ധി. വരൾച്ചയെത്തുമ്പോൾ നടത്തുന്ന താത്കാലിക സമാശ്വാസങ്ങളെ സർവ്വാത്മനാ സ്വീകരിക്കുന്ന ഒരു ജനത്തെയാണ് അവർക്ക് വേണ്ടത്. അതാകുമ്പോൾ വിഡ്ഢിത്തങ്ങൾ എത്രവേണമെങ്കിലും വിളമ്പാം. വരൾച്ചയെ നേരിടാൻ കൃത്രിമമഴ പെയ്യിക്കാൻ പോകുകയാണ് എന്ന മുഖ്യമന്ത്രി പിണറായി വിജയന്റെ പ്രഖ്യാപനം അത്തരത്തിലുള്ള ഒന്നായിരുന്നു. പിണറായി വിജയൻ സ്വപ്നം കാണുന്ന ഒരു വികസന സങ്കൽപ്പത്തെയും, കേരളം എത്തിച്ചേർന്നിരിക്കുന്ന ഒരു പരീക്ഷണഘട്ടത്തെയും ഓർമ്മിപ്പിക്കുന്നു അദ്ദേഹത്തിന്റെ ഈ വാക്കുകൾ. അത്യന്താധുനിക ഉപകരണങ്ങൾ അടങ്ങിയ വിമാനങ്ങൾ ഉപയോഗിച്ച് ക്ലൗഡ് സീഡിംഗ് നടത്തി, കൃത്രിമമായി പല വലുപ്പമുള്ള സാന്ദ്രീകരണ കണങ്ങളെ മേഘങ്ങൾക്കുള്ളിൽ വിതറി മഴപെയ്യിക്കുന്നതിനെക്കുറിച്ചാണ് കേരളം വരണ്ടുണങ്ങുമ്പോൾ സംസ്ഥാന മുഖ്യമന്ത്രി ആലോചിച്ചുകൊണ്ടിരിക്കുന്നത്. പ്രതിസന്ധികളെ മറികടക്കാനുള്ള താത്കാലിക ഒറ്റമൂലികളുടെ കൂട്ടത്തിലേക്ക് മുഖ്യന്റെ വക ഒരു മുതൽക്കൂട്ട്. പാരിസ്ഥിതിക പ്രതിസന്ധികളെ മറികടക്കുന്നതിന് വളരെ 'ശാസ്ത്രീയ'മായ വഴികൾ ആലോചിക്കുന്ന അദ്ദേഹം, കാടിന്റെയും പുഴയുടെയും പേരിൽ വികസനം മുടക്കുന്നവരെ നേരിടാനും ചില മാർഗ്ഗങ്ങൾ കണ്ടെത്തുന്നുണ്ട്. 'വികസനം മുടക്കി സംഘടനകൾ നാടിന്റെ താത്പര്യത്തിന് എതിരാണെന്നും അവരുടെ നിലപാടുകൾ സർക്കാരിന്റെ അടുത്ത് വിലപ്പോകില്ലെന്നും ഇക്കാര്യത്തിൽ നിയമസഭാംഗങ്ങൾ ഒറ്റക്കെട്ടായി നിൽക്കണമെന്നും' ആയിരുന്നു നിയമസഭയിൽ നന്ദിപ്രമേയ ചർച്ചയ്ക്ക് മറുപടി നൽകിക്കൊണ്ട് മുഖ്യമന്ത്രി പറഞ്ഞ പ്രധാനകാര്യം. നിക്ഷിപ്ത താത്പര്യത്തോടെ നടത്തുന്ന പാരിസ്ഥിതിക സമരങ്ങളെ നേരിടാൻ സംരംഭകർക്ക് നിമയപരിരക്ഷ ഉറപ്പാക്കുന്നതിന് സർക്കാർ നടപടി തുടങ്ങിയതായി വ്യവസായ മന്ത്രിയും ഒരു പൊതുപരിപാടിയിൽ പറയുകയുണ്ടായി. വികസനം മുടക്കുന്ന 'നിക്ഷിപ്ത താത്പര്യങ്ങ'ളെ എങ്ങനെയാണ് സർക്കാർ തിരിച്ചറിയാൻ പോകുന്നത് എന്നാണ് കണ്ടറിയേണ്ടത്. സർക്കാരിന്റെ ഇപ്പോഴത്തെ നയപ്രകാരം അതിരപ്പിള്ളി ഡാമിനെതിരായ സമരവും ഒരു 'നിക്ഷിപ്ത താത്പര്യമായി' വിലയിരുത്താൻ കഴിയുന്നതാണല്ലോ. കുടിനീരുവറ്റി കേരളം മരുഭൂമിയായി മാറുമ്പോഴും 'വികസന വിരോധി'കളെ സൃഷ്ടിക്കാനുള്ള ഈ അഭിനിവേശം ഒട്ടും അശാസ്യമല്ല.

കേരളത്തിൽ വേരുറയ്ക്കുന്ന ഈ വികസന ധാരണയുടെ പൊള്ളത്തരങ്ങൾ തുറന്നുകാണിക്കുന്ന ഒട്ടേറെ സമരങ്ങൾ ഇവിടെ ഉയർന്നുവരുന്നുണ്ട്. അതിൽ ഏറ്റവും പ്രധാനപ്പെട്ടാണ് ആദിവാസി-ദലിത് ജനസമൂഹത്തിന്റെ മുൻകൈയിൽ നടക്കുന്ന ഭൂ അവകാശ സമരങ്ങൾ. പാട്ട വ്യവസ്ഥകൾ ലംഘിച്ചും പരിസ്ഥിതി നശിപ്പിച്ചും ഭൂമി അന്യായമായി കൈവശം വച്ചുകൊണ്ടിരിക്കുന്ന ഏകവിള ത്തോട്ടങ്ങൾ വികസനത്തിന്റെ വിഗ്രഹങ്ങളല്ലെന്ന് തെളിയിച്ചുകൊണ്ടിരിക്കുകയാണ് ചെങ്ങറയും മൂന്നാറും എല്ലാം. ആ ശബ്ദങ്ങൾക്ക് ഒച്ചപകരേണ്ടത് കേരളത്തിന്റെ നിലനിൽപ്പിന് അനിവാര്യമായിത്തീർന്നിരിക്കുന്നു. ഭൂവിനിയോഗത്തെക്കുറിച്ചുള്ള ഇക്കോളജിക്കൽ സംവാദങ്ങളിൽ ഭൂമിയുടെ അവകാശം കൂടി ഒരു വിഷയമായി കടന്നുവരേണ്ടിയിരിക്കുന്നു. ■